പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4865 22/03/2018 ൽ മറുപടിക്ക്

## ശ്രീ പത്മനാഭ സ്വാമി ക്ഷേത്ര ഫണ്ട് വിനിയോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിനായി 2011 മുതൽ 2017 വരെ എത്ര രൂപ അനുവദിച്ചിട്ടുണ്ട്; ഇനം തിരിച്ച് കണക്ക് വ്യക്തമാക്കാമോ; | (എ) | 2011 മുതൽ 2017 വരെ 20 ലക്ഷം രൂപ നിരക്കിൽ 1.40 കോടി രൂപ വാർഷിക ആനുകൂല്യം (Annual Contribution) അനുവദിച്ച് നൽകിയിട്ടുണ്ട്.<br>ഇതിനു പുറമേ 2014 – 15 ൽ പത്മതീർത്ഥ ക്കുളം നവീകരണ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപയും 2017 – 18 ൽ മിത്രാനന്ദപുരം കുളം നവീകരണത്തിനായി 1 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| | | (ബി) യും (സി) യും | |
| (ബി) | സർക്കാർ നൽകിയ ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | | ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രത്തിലെ ഫണ്ട് വിനിയോഗം സംബന്ധിച്ച് ഓഡിറ്റ് നടത്തുന്നതിന് IA & AS ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കു ന്നതിനായി അക്കൗണ്ട്സ് ജനറലിന് 08/03/2018 ലും 17/03/2018 ലും കത്ത് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിനെ ക്കൊണ്ട് ഓഡിറ്റ് നടത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ